# കേരള സർവകലാശാല

നം.പി.ആർ.175/2019 ഫോൺ: 2305738

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

2019 ആഗസ്റ്റ് 16 ന് നടത്താനിരുന്ന സി.എസ്.എസ് ഒഴികെയുള്ള എല്ലാ പരീക്ഷകളും മാറ്റി വെച്ചിരിക്കുന്നു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈവാ വോസി

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് സോഷ്യൽ വർക് (ബി .എസ്.ഡബ്ല്യൂ) (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പ്രോഗ്രാമിന്റെ വൈവാ വോസി ആഗസ്റ്റ് 22 ന് വൈറ്റ് മെമ്മോറിയൽ കോളേജ് പനച്ചമൂടും ആഗസ്റ്റ് 29 ന് നാഷണൽ കോളേജ് അമ്പലത്തറയിലും സെപ്റ്റംബർ 19 ന് വിദ്യാധിരാജ കോളേജ് കരുനാഗപ്പള്ളിയിലും നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ആഗസ്റ്റ് 12 ന് കൊട്ടിയം എൻ.എസ്.എസ് ലോ കോളേജിൽ നടത്താനിരുന്ന പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ.എൽ.എൽ.ബി വൈവാ വോസി ആഗസ്റ്റ് 19 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

## ലാബ് പരീക്ഷ

2019 മേയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി. എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ കെമിസ്ട്രി ലാബ് പരീക്ഷകൾ ആഗസ്റ്റ് 27 ന് എൻ.എസ്.എസ് കോളേജ് ചേർത്തലയിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി. എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ പ്രോഗ്രാമിന്റെ കെമിസ്ട്രി ലാബ് പരീക്ഷ 2019 ആഗസ്റ്റ് 20, 22 തീയതികളിൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2019 ആഗസ്റ്റ് 14 ന് നടത്താനിരുന്ന പരീക്ഷയുടെ പുനഃക്രമീകരിച്ച തീയതികൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ആഗസ്റ്റ് 8 ന് നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി (ബോട്ടണി) 'BO 223 – Cell and Molecular Biology and Genetics (2013 സ്കീം – 2015 അഡ്മിഷൻ മുതൽ)' പരീക്ഷ റദ്ദാക്കിയിരിക്കുന്നു. പുനഃപരീക്ഷ 2019 ആഗസ്റ്റ് 22 ന് 9.30 a.m മുതൽ 12.30 p.m വരെ അതാതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്.

2019 സെപ്റ്റംബറിൽ നടക്കുന്ന റെഗുലർ ബി.ടെക് ഏഴാം സെമസ്റ്റർ കോഴ്സ്കോഡിൽ വരുന്ന (2008 സ്കീം) ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2008 സ്കീം ഏഴ്, അഞ്ച്, ആറ് സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രങ്ങൾ

ആഗസ്റ്റ് 20 ന് ആരംഭിക്കുന്ന ബി.എസ്.സി (ആന്വൽ സ്കീം) പാർട്ട് I, II & III സബ്സിഡിയറി പരീക്ഷകൾക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ്, കൊല്ലം എസ്.എൻ കോളേജ്, അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് എന്നിവ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ഗവൺമെന്റ് സംസ്കൃത കോളേജ്, നീറമൺകര എൻ.എസ്.എസ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതേണ്ടതാണ്. പന്തളം എൻ.എസ്.എസ് കോളേജ്, ശാസ്താംകോട്ട ഡി.ബി കോളേജ്, കൊട്ടാരക്കര എസ്.ജി കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം. ആലപ്പുഴ എസ്.ഡി കോളേജ്, ചേർത്തല എൻ.എസ്. എസ് കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അമ്പലപ്പുഴ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷ എഴുതണം.

## അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയുടെ കീഴിൽ 2020–21 അദ്ധ്യയന വർഷത്തിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ/അഡീഷണൽ ബാച്ച്/സീറ്റ് വർധന എന്നിവയ്ക്കുമുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം/പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2008 സ്കീം – അഡീഷണൽ/മേഴ്സി ചാൻസ്) (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

## പ്രവർത്തന സമയം

സർവകലാശാലയുടെ പാളയം കാമ്പസിലുള്ള ക്യാഷ് കൗണ്ടർ പ്രവർത്തന സമയം രാവിലെ 10 മുതൽ 4 വരെ പുനഃക്രമീകരിച്ചിരിക്കുന്നു.

## സീറ്റ് ഒഴിവ്

കാര്യവട്ടം കാമ്പസിൽ ഫ്യൂച്ചർ സ്റ്റഡീസ് പഠനവകുപ്പിൽ ഒന്നാം വർഷ എം.ടെക് ടെക്നോളജി മാനേജ്മെന്റ് 2019 – 20 പ്രോഗ്രാമിൽ ജനറൽ ആന്റ് റിസർവേഷൻ വിഭാഗത്തിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. (ജനറൽ, ഒ.ബി.സി, എസ്.ഇ.ബി.സി, എസ്.സി ആന്റ് എസ്.റ്റി). അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി ആഗസ്റ്റ് 19 ന് രാവിലെ 10.30 ന് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 0471 – 2305321

കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ (ഒപ്റ്റോ ഇലക്ട്രോണിക്സ് ആന്റ് ഒപ്റ്റിക്കൽ കമ്മ്യൂണിക്കേഷൻ), ടെക്നോളജി മാനേജ്മെന്റ് എന്നീ എം.ടെക് പ്രോഗ്രാമുകളിൽ വിവിധ വിഭാഗങ്ങളിൽ സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 19 ന് രാവിലെ 10.00 മണിക്ക് അതാതു പഠന വകുപ്പുകളിൽ ഹാജരാകേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2019
## ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ് മേഖല തലത്തിൽ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖല തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ആഗസ്റ്റ് 17-ാം തീയതി സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ഹാളിലും, അടൂർ മേഖലയിലേത് ആഗസ്റ്റ് 19-ാം തീയതി അടൂർ സെന്റ് സിറിൾസ് കോളേജിലും, ആലപ്പുഴ മേഖലയിലേത് ആഗസ്റ്റ് 20-ാം തീയതി ആലപ്പുഴ എസ്.ഡി. കോളേജിലും, കൊല്ലം മേഖലയിലേത് ആഗസ്റ്റ് 21-ാം തീയതി കൊല്ലം എസ്.എൻ കോളേജിലും നടത്തുന്നതാണ്. മേഖലാതലത്തിൽ നടന്ന എസ്.സി/എസ്.ടി സ്പോട്ട് അലോട്ട്മെന്റിന് ശേഷം ഒഴിവ് വന്ന സീറ്റുകൾ അർഹരായ മറ്റു വിഭാഗങ്ങളിലേയ്ക്ക് നിയമാനുസൃതം മാറ്റി ഈ സ്പോട്ട് അലോട്ട്മെന്റ് വഴി നികത്തുന്നതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. ഈ സമയത്തിനകം ഹാജരായി രജിസ്റ്റർ ചെയ്തവരിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സ്പോട്ട് അലോട്ട്മെന്റ് നടത്തും. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ

വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് നിർബന്ധമായും കൊണ്ടു വരേണ്ടതാണ്.രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ചതിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് 1860/- രൂപ (എസ്.സി/എസ്.ടി വിഭാഗം 940/-രൂപ). ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 430/- രൂപയും (എസ്.സി/എസ്.ടി വിഭാഗം 220/-രൂപ) ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്. സ്വാശ്രയ(മെറിറ്റ് സീറ്റുകൾ)/യു.ഐ.റ്റി. കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും മേൽ പറഞ്ഞ തീയതികളിൽ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കേണ്ടതാണ്. കോളേജ് തലത്തിൽ നേരിട്ടുള്ള പ്രവേശനം അനുവദിക്കുന്നതല്ല. സർവകലാശാല നിശ്ചയിക്കുന്ന തീയതിക്കു ശേഷം ഒരു കാരണവശാലും പ്രവേശനം അനുവദിക്കുന്നതല്ല. രജിസ്ട്രേഷൻ ഉള്ള മുഴുവൻ വിദ്യാർത്ഥികളേയും പരിഗണിച്ച ശേഷം മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളു. സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

14-08-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098